"ഭരണഭാഷ – മാതൃഭാഷ"
(കേരളസംസ്ഥാനം)
വ്യാവസായിക പരിശീലനവകുപ്പ്
ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ
പി എം ജി, വികാസ് ഭവൻ പി ഒ, തിരുവനന്തപുരം 695033
ഇ മെയിൽ :cru.dttvpm@kerala.gov.in ഫോൺ :0471-2303856

---

**DT/322/2026-C2(2)** **തീയതി: 01-04-2026**

---

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - അഡ്മിഷൻ & അഫിലിയേഷൻ വിഭാഗം - സംസ്ഥാനത്തെ എല്ലാ സർക്കാർ/സ്വകാര്യ/SCDD/STDD ഐടിഐകളിലെ ഇൻസ്ട്രക്ടർമാരുടെ വിവരങ്ങൾ NIMS ഉൾപ്പെടുത്തുന്നത് - ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച് -

സൂചന:-

1. 16/01/2026 തീയതിയിലെ DGT യിൽ നിന്നുള്ള കത്ത്.
2. 30.01.2026 തീയതിയിലെ DT/322/2026-C2 (2) നമ്പരായ ഈ കാര്യാലയത്തിൽ നിന്നുള്ള കത്ത്.
3. 10.03.2026 തീയതിയിലെ DT/1206/2026-A2 നമ്പരായ അഡീഷണൽ ഡയറക്ടറുടെ ചുറ്ററിയിപ്പ്..
4. 18.03.2026 തീയതിയിലെ DT/322/2026-C2 നമ്പരായ അഡീഷണൽ ഡയറക്ടറുടെ ചുറ്ററിയിപ്പ്..
5. 25.03.2026 തീയതിയിലെ DT/322/2026-C2(1) നമ്പരായ അഡീഷണൽ ഡയറക്ടറുടെ ചുറ്ററിയിപ്പ്.
6. 28.03.2026 തീയതിയിലെ DGT യിൽ നിന്നുള്ള കത്ത്.

*********

സൂചനകൾ കണ്ടാലും. 2026 പരിശീലന വർഷം മുതൽ ഇന്ത്യയിലെ സർക്കാർ/സ്വകാര്യ ഐടിഐകളിലെ ഇൻസ്ട്രക്ടർമാരുടെ ലഭ്യതകുറവ് പരിഹരിക്കുന്നതിനും, ഇരട്ടിപ്പുകൾ ഒഴിവാക്കുന്നതിനും, ഇൻസ്ട്രക്ടർമാരുടെ പരിശോധിച്ച് ഉറപ്പിച്ച ഒരു ദേശീയ ഡാറ്റ ബേസ് തയ്യാറാക്കുന്നതിനുമായി SIDH പ്ലാറ്റ്ഫോമിൽ നാഷണൽ ഇൻസ്ട്രക്ടർ മാനേജ്മെന്റ് സിസ്റ്റം (NIMS) നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട നിർദേശങ്ങൾ സൂചന 3 ചുറ്ററിയിപ്പ് പ്രകാരം എല്ലാ സർക്കാർ ഐ ടി ഐ സ്ഥാപന മേധാവിമാർക്കും, സൂചന 2 കത്തിലൂടെ എല്ലാ സ്വകാര്യ/SCDD/STDD സ്ഥാപന മേധാവിമാർക്കും നൽകിയിരുന്നു. കൂടാതെ NIMS നടപ്പിലാക്കുന്നത് സംബന്ധിച്ച് വിവിധ

സംസ്ഥാന കേന്ദ്ര ഭരണ പ്രദേശങ്ങളിൽ നിന്നും പൊതുവായി ഉയർന്നു വന്ന ചോദ്യങ്ങൾ/സംശയങ്ങൾ എന്നിവയിൽ വ്യക്തത വരുത്തി കൊണ്ടുള്ള DGT നിർദേശങ്ങൾ സൂചന 4,5 പ്രകാരം എല്ലാ സർക്കാർ/സ്വകാര്യ/SCDD/STDD നൽകിയിരുന്നു.

27/03/2026 തീയതിയിലെ DGT യിൽ നിന്നുള്ള ഏറ്റവും പുതിയ മെയിൽ സന്ദേശം (സൂചന 6) പ്രകാരം N I M S പോർട്ടലിൽ ഇൻസ്ട്രക്ടർമാരുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും അംഗീകാരം നല്കുന്നതിനുമുള്ള നടപടികൾ 04.05.2026 നകം തന്നെ പൂർത്തിയാക്കി 16.05.2026 തീയതിക്കുള്ളിൽ ഇൻസ്ട്രക്ടർ മാപ്പിംഗ് പൂർത്തിയായ യൂണിറ്റുകൾ മാത്രമേ CTS-2026 സീറ്റ് മാട്രിക്സിൽ ഉൾപ്പെടുകയുള്ളു എന്നും അത്തരത്തിലുള്ള യൂണിറ്റുകളിലേക്കു മാത്രമേ അഡ്മിഷൻ അനുവദിക്കാവൂ എന്നും അറിയിച്ചിരിക്കുന്നു.

അതിനാൽ സംസ്ഥാനത്തെ എല്ലാ സർക്കാർ/സ്വകാര്യ/SCDD/STDD സ്ഥാപന മേധാവിമാരും ഇൻസ്ട്രക്ടർമാരുടെയും വിവരങ്ങൾ SIDH പോർട്ടലിൽ സമയബന്ധിതമായി അപ്‌ലോഡ് ചെയ്യുന്നതിനും തുടർനടപടികൾ ത്വരിതപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

Digitally signed by
Vasudevan P
Date: 01-04-2026
10:26:09

അഡീഷണൽ ഡയറക്ടർ

സ്വീകർത്താവ്: എല്ലാ ഗവണ്മെന്റ് ഐടിഐ/ബിറ്റിസി/എവിറ്റിഎസ് പ്രിൻസിപ്പാൾമാർക്കും.

എല്ലാ എസ് ടി ഡി ഡി/ എസ് സി ഡി ഡി ഐടിഐ പ്രിൻസിപ്പാൾമാർക്കും

എല്ലാ പ്രൈവറ്റ് ഐടിഐ പ്രിൻസിപ്പാൾമാർക്കും

പകർപ്പ്: മാനേജർ, ഇഗവേർണൻസ് (ഐടിഐകൾക്ക് ആവശ്യമായ സാങ്കേതിക സഹായത്തിനും വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനും).